STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.28/PR/SPMC/PHQ/2026 Date: 24.01.2026

## " റെയിൽ മൈത്രി' മൊബൈൽ ആപ്ലിക്കേഷൻ സജ്ജമായി "

കേരള റെയിൽവേ പോലീസിൻറെ സേവനങ്ങൾ ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ പൊതുജനങ്ങളിൽ എത്തിക്കുന്നതിനായി ആരംഭിച്ച 'റെയിൽ മൈത്രി' എന്ന പുതിയ മൊബൈൽ ആപ്ലിക്കേഷൻറെ ഉദ്ഘാടനം തൈക്കാട് പോലീസ് ട്രെയിനിംഗ് കോളേജിലെ മൈൻഡ് ആഡിറ്റോറിയത്തിൽ വച്ച് നടന്ന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിച്ചു.

ട്രെയിൻ യാത്രയ്ക്കിടയിൽ സംഭവിക്കുന്ന കുറ്റകൃത്യങ്ങൾക്ക് നേർ സാക്ഷികളാകുന്ന യാത്രക്കാർക്ക് സംരക്ഷണം നൽകുകയും അവരുടെ ജീവനും സ്വത്തിനും സ്വകാര്യതയ്ക്കും കാര്യക്ഷമമായ സുരക്ഷ ഉറപ്പാക്കുക എന്ന ഉദ്ദേശത്തോടെയാണ് ജനമൈത്രി സുരക്ഷാ പദ്ധതിയുടെ ഭാഗമായി 'റെയിൽ മൈത്രി' മൊബൈൽ ആപ്ലിക്കേഷന് തുടക്കം കുറിച്ചത്.

റെയിൽവേ പോലീസിൻറെ സേവനങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി 'റെയിൽ മൈത്രി' ആപ്ലിക്കേഷനെ കേരള പോലീസിൻറെ ഔദ്യോഗിക ആപ്ലിക്കേഷനായ പോൽ ആപ്പുമായി (POL APP) സംയോജിപ്പിച്ചിട്ടുണ്ട്.

പോൽ ആപ്പ് (POL APP) ഡൗൺലോഡ് ചെയ്തു പൊതുജനങ്ങൾക്ക് റെയിൽ മൈത്രി സേവനങ്ങൾ ഉപയോഗിക്കാവുന്നതാണ് .

പോൽ ആപ്പിലൂടെ (POL APP) കേരള റെയിൽവേ പോലീസിൻറെ അഞ്ച് സേവനങ്ങളാണ് പൊതുജനങ്ങൾക്ക് ഇപ്പോൾ ലഭ്യമാകുന്നത്.

**1. Lonely Passenger** (ഒറ്റയ്ക്ക് യാത്രചെയ്യുന്നവർ)

ട്രെയിനിൽ ഒറ്റയ്ക്ക് യാത്രചെയ്യുന്നവർക്ക് ഈ സേവനം പ്രയോജനപ്പെടുത്താം. ഇത്തരത്തിൽ സഹായം ആവശ്യപ്പെടുന്ന യാത്രക്കാരെ റെയിൽവേ പോലീസ് കൺട്രോൾ റൂമിലെ ഉദ്യോഗസ്ഥർ നേരിട്ടെത്തി കാണുകയും ആവശ്യമായ സുരക്ഷ ഉറപ്പാക്കുകയും ചെയ്യുന്നു.

**2. Shops on Platform** (പ്ലാറ്റ്ഫോമിലെ കടകൾ)

ട്രെയിനിൽ യാത്രചെയ്യുന്നവർക്ക് വിവിധ സ്റ്റേഷൻ പ്ലാറ്റ്ഫോമുകളിൽ പ്രവർത്തിക്കുന്ന ഭക്ഷണ ശാലകൾ, മറ്റ് ഷോപ്പുകൾ എന്നിവയുടെ വിവരം ഇതിലൂടെ ലഭ്യമാകുന്നു.

**3. Secret Information** (രഹസ്യ വിവരങ്ങൾ)

ട്രെയിനിൽ യാത്രചെയ്യുന്നവർക്ക് യാത്രക്കിടയിൽ സംഭവിച്ചതോ, യാത്രക്കാരുടെ സുരക്ഷയുമായി ബന്ധപ്പട്ടതോ ആയ രഹസ്യവിവരങ്ങൾ പോലീസിനെ അറിയിക്കാം. ഇത് അവരുടെ സുരക്ഷിതത്വം വർദ്ധിപ്പിക്കുന്നതിന് സഹായകരമാകും.

**4. Lost Property Gallery** (നഷ്ടപ്പെട്ട സാധനങ്ങളുടെ പ്രദർശനം )

ട്രെയിൻ യാത്രക്കിടയിൽ നഷ്ടപ്പെട്ടതും ഇതിൽ പോലീസിൻറെ കൈവശം ലഭിച്ചതുമായ വിവിധ വസ്തുക്കളുടെ ഫോട്ടോകൾ ഈ സേവനത്തിലൂടെ പ്രദർശിപ്പിക്കും. ഇത്തരത്തിൽ പ്രദർശിപ്പിക്കുന്ന വസ്തുക്കളോടൊപ്പം അവ ലഭിച്ച സ്ഥലം, തീയതി, ട്രെയിൻ കൂടാതെ ഇപ്പോൾ പ്രസ്തുത വസ്തുക്കൾ എവിടെയാണ് സൂക്ഷിച്ചിരിക്കുന്നത് എന്നീ വിവരങ്ങളും പ്രദർശിപ്പിക്കും. ഇത് നഷ്ടപ്പെട്ട വസ്തുക്കൾ യാത്രക്കാർക്ക് തിരികെ ലഭിക്കുന്നതിന് സഹായകരമാകും.

**5. Report An Incident** (സംഭവങ്ങൾ അറിയിക്കുക)

ട്രെയിൻ യാത്രക്കിടയിൽ നടക്കുന്ന വിവിധ സംഭവങ്ങളെപ്പറ്റി യാത്രക്കാർക്ക് പോലീസിനെ ഈ സേവനത്തിലൂടെ അറിയിക്കാം. ട്രെയിനിൻറെ ഉൾവശം, പ്ലാറ്റ്ഫോം, ട്രാക്ക് തുടങ്ങിയ സ്ഥലങ്ങളിൽ നടക്കുന്ന സംഭവങ്ങളെപ്പറ്റി റിപ്പോർട്ട് ചെയ്യാനാകും.

പ്രാരംഭഘട്ടത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന ഈ അഞ്ചു സേവനങ്ങൾക്ക് പുറമേ ഭാവിയിൽ CRIS (Centre for Railway Informatics

System) സേവനങ്ങൾ, വിവിധ ട്രെയിനുകളെ അടിസ്ഥാനമാക്കിയുള്ള ഡ്യൂട്ടി അനാലിസിസ് മോഡ്യൂൾ, ഫിംഗർപ്രിൻറ് വെരിഫിക്കേഷൻ മോഡ്യൂൾ, Stone Pelting & Train Sabotage മോഡ്യൂൾ തുടങ്ങിയ സേവനങ്ങളും 'റെയിൽ മൈത്രി' ആപ്ലിക്കേഷനിൽ ഉൾക്കൊള്ളിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

***************************